(ബി) ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ എല്ലാ വീടുകളിലും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ നിലവിൽ പദ്ധതികളൊന്നും രൂപീകരിച്ചിട്ടില്ല. സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലും തെരഞ്ഞെടുത്ത മുനിസിപ്പാലിറ്റികളിലും വൈ-ഫൈ ഹോട്ട്സ്പോട്ട് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ഡിജിറ്റൽ ഇന്ത്യ പദ്ധതി പൂർണ്ണമായും പ്രാവർത്തികമാകുന്നതോടെ സംസ്ഥാനത്തെ മിക്കവാറും വീടുകളിലും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കൊച്ചി സ്മാർട്ട് സിറ്റി

236 (3390) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സമാർട്ട് സിറ്റിയിൽ മൊത്തം എത്ര ചതുരശ്ര അടി കെട്ടിടം നിർമ്മിക്കാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്; അതിൽ മൊത്തം എത്ര പേർക്ക് തൊഴിൽ ലഭ്യമാക്കാനായിരുന്നു പദ്ധതി ലക്ഷ്യം;

(ബി) നിർമ്മാണം പൂർത്തിയാകാറായ കെട്ടിടം എത്ര ചതുരശ്ര അടിയാണ്; ഇതിന്റെ എത്ര ശതമാനം ഏരിയ ഐ.ടി. കമ്പനികൾക്ക് നൽകാൻ സാധ്യമാകും എന്ന് വ്യക്തമാക്കുമോ;

(സി) സ്പെയ്സ് അലോട്ട് ചെയ്തിട്ടുള്ള കമ്പനികളുടെ പേരും അലോട്ട് ചെയ്ത വിസ്തൃതിയും വിശദമാക്കാമോ;

(ഡി) ഒരു സ്ക്വയർ മീറ്ററിന് എത്ര നിരക്കിലാണ് സ്പെയ്സ് അലോട്ട്മെന്റ് നടത്തിയിരിക്കുന്നത്; ഏതെങ്കിലും കമ്പനി ഇന്റീരിയർ ജോലികൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) കമ്പനികൾക്കായി നീക്കിവച്ച മൊത്തം സ്ഥലവും പ്രവർത്തന ക്ഷമമാക്കാൻ ഇനിയും എത്ര മാസങ്ങൾ വേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്; ഏതെങ്കിലും കമ്പനി സ്ഥലം ഏറ്റെടുത്ത് ജീവനക്കാരെ നിയോഗിച്ചുകൊണ്ട് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 88 ലക്ഷം ചതുരശ്ര അടി കെട്ടിടം നിർമ്മിക്കാനും 90000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 6.5 ലക്ഷം ചതുരശ്ര അടിയാണ് കെട്ടിട വിസ്തീർണ്ണം. ഇതിന്റെ 70%-മാണ് ഐ.ടി. കമ്പനികൾക്ക് നൽകാൻ ഉദ്ദേശിക്കുന്നത്.

(സി & ഡി) സ്പെയ്സ് അലോട്ട് ചെയ്തിട്ടുള്ള കമ്പനികളുടെ പേരും അലോട്ട് ചെയ്ത വിസ്തൃതിയും നിരക്ക് സംബന്ധിച്ച വിവരങ്ങളും സർക്കാരിൽ ലഭ്യമല്ല.

(ഇ) നിലവിൽ സ്ഥലം ലഭിച്ച കമ്പനികൾ 3-4 മാസത്തിനകം ഓഫീസ് സജ്ജീകരണം പൂർത്തീകരിക്കുമെന്ന് കരുതുന്നതായി സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്.

കൊച്ചി സ്മാർട്ട് സിറ്റി പദ്ധതി

237 (3391) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിക്ക് ഭൂമി ഏറ്റെടുത്തതു മുതൽ ഇതേവരെ ഏതെല്ലാം കാര്യങ്ങൾക്കായി മൊത്തം എത്ര കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സ്മാർട്ട് സിറ്റി കമ്പനിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ എത്ര കോടിയാണ്; പെയ്ഡ് ഷെയർ ക്യാപിറ്റൽ എത്ര കോടി, സർക്കാരിന്റെ ഷെയർ എത്ര കോടി; ദുബായ് കമ്പനിയുടെ ഷെയർ എത്ര; ഇതിനകം ഉണ്ടായ മൊത്തം നിക്ഷേപം എത്ര ; വിശദമാക്കാമോ;

(സി) എത്ര ഏക്കർ ഭൂമി പദ്ധതിക്കായി ഏറ്റെടുത്തിട്ടുണ്ട്; ഇതിൽ റിയൽ എസ്റ്റേറ്റ് വികസനത്തിനായി ഉപയോഗിക്കുന്ന ഭൂമി എത്ര ഏക്കറായിരിക്കും; വിശദാംശം ലഭ്യമാക്കുമോ;

(ഡി) എത്ര ഏക്കർ സ്ഥലം എസ്.ഇ. ഇ. സെഡായി (S.E.Z)ഗവൺമെന്റ് ഓഫ് ഇന്ത്യ നോട്ടിഫൈ ചെയ്തിട്ടുണ്ട് എന്ന് അറിയിക്കാമോ?

ഉത്തരം

(എ) മൊത്തം 92.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രൊജക്ട് വർക്ക് എഗ്രിമെന്റ് പ്രകാരം സ്മാർട്ട് സിറ്റി കമ്പനിയുടെ ആതറൈസ്ഡ് ഷെയർ ക്യാപിറ്റൽ - 680 കോടി, പെയ്ഡ് അപ് ഷെയർ ക്യാപിറ്റൽ - 120 കോടി, സർക്കാരിന്റെ ഷെയർ 31.2 കോടി, ടീകോം കമ്പനിയുടെ ഷെയർ - 84 % മറ്റു വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly